**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3446** **15-02-2024 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.ടി(.ഇംഗ്ലീഷ് )അദ്ധ്യാപക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇംഗ്ലീഷ് അദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ സ്ഥിര അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് ഇംഗ്ലീഷ് അദ്ധ്യാപകരെ തന്നെ നിയമിക്കണമെന്ന ഹൈക്കോടതിവിധി 2023-24 ലെ തസ്തികനിർണ്ണയത്തിന് ശേഷം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ബഹു. കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നം. 23159/2018 ന്മേൽ 10/08/2021 ന് പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽക്കാലിക എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന / കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29/11/2023 ലെ സ.ഉ (കൈ) നം. 182/2023/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | 2023-24-ലെ തസ്തിക നിർണയം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഗവണ്മെന്റ് സ്കൂളുകളിൽ ഹൈസ്കൂൾ ഇംഗ്ലീഷ് അദ്ധ്യാപകരുടെ ആകെ ഒഴിവുകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | റഗുലർ തസ്തികകളുടെ തസ്തിക നിർണ്ണയം 08/09/2023ൽ പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായി വരുന്നു. ഗവ. സ്കൂളുകളിൽ ഹൈസ്കൂൾ ഇംഗ്ലീഷ് അദ്ധ്യാപകരുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് അദ്ധ്യാപക തസ്തികയിലേക്ക് നിലവിൽ നിഷ്കർഷിച്ചിരിയ്ക്കുന്ന യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | കെ.ഇ.ആർ അദ്ധ്യായം XXXI ചട്ടം 2(2) പ്രകാരമാണ് യോഗ്യത നിശ്ചയിക്കുന്നത്. നിലവിൽ അതാത് വിഷയത്തിലെ ബിരുദവും ബി.എഡും കെ-ടെറ്റ് III യുമാണ് യോഗ്യതകൾ. (ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങൾ പഠിപ്പിക്കാനുള്ളതിനാൽ ബിരുദത്തിന് രണ്ട് വിഷയങ്ങളും പഠിച്ചിരിക്കണം.) |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ജില്ല | റിമാർക്സ് |
|---|---|
| തിരുവനന്തപുരം | എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ 10 ഒഴിവുകൾ ഉണ്ട്. പ്രസ്തുത ഒഴിവുകളിൽ 2 എണ്ണം പി.എസ്.സി യിൽ നേരിട്ടുള്ള നിയമനത്തിനായും, 6 എണ്ണം പി.ഡി പ്രൊമോഷൻ വിഭാഗത്തിലും, 2 എണ്ണം ബൈട്രാൻസ്ഫർ വിഭാഗത്തിലും മാറ്റി വച്ചിട്ടുണ്ട്. |
| കൊല്ലം | നിലവിൽ ഹൈസ്കൂൾ ഇംഗ്ലീഷ് തസ്തികയിൽ നേരിട്ടുള്ള നിയമനങ്ങൾക്കായി ഒഴിവുകൾ ഇല്ല. |
| പത്തനംതിട്ട | എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല. |
| ആലപ്പുഴ | 2023-24 ലെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. നിലവിൽ എച്ച്.എസ്.ടി ഇംഗ്ലീഷ് അദ്ധ്യാപകരുടെ 3 ഒഴിവുകൾ ഉണ്ട്. |
| കോട്ടയം | ഗവൺമെന്റ് സ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ ഒഴിവുകൾ ഇല്ല. |
| ഇടുക്കി | എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല. 2023-24 വർഷം ടി തസ്തികയിൽ അധിക തസ്തികകൾ ശിപാർശ ചെയ്തിട്ടില്ല. |
| എറണാകുളം | തസ്തിക നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ് തസ്തികയിൽ ഒഴിവുകൾ ഇല്ല. 9 പേർ തസ്തിക നഷ്ടപ്പെട്ട് ക്ലബ്ബിങ്ങിൽ തുടരുന്നു. |
| തൃശ്ശൂർ | 2023-24 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ 4 ഒഴിവുകൾ ഉണ്ട്. ആയതിൽ 2 ഒഴിവുകളിലേയ്ക്ക് പി.എസ്.സി നിയമന ശിപാർശ പ്രകാരം നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |
| പാലക്കാട് | എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ 3 ഒഴിവുകൾ ഉണ്ട്. |
| മലപ്പുറം | നിലവിൽ മലപ്പുറം ജില്ലയിൽ എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ 8 ഒഴിവുകളാണ് ഉള്ളത്. ആയതിൽ 5 ഒഴിവുകൾ പി.എസ്.സി യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3 ഒഴിവുകൾ ഡയറ്റ് ഡെപ്യൂട്ടേഷൻ മൂലം ഉണ്ടായ ഒഴിവുകളാണ്. പ്രസ്തുത ഒഴിവുകൾ സർക്കാർ ഉത്തരവ് പ്രകാരം ദിവസവേതന അടിസ്ഥാനത്തിലാണ് നികത്തുന്നത്. |
| കോഴിക്കോട് | 2023-24 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ ഒരു ഒഴിവ് ഉണ്ട്. ആയത് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| വയനാട് | എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല. |
| കണ്ണൂർ | ഇംഗ്ലീഷ് തസ്തികയിൽ ഒഴിവുകൾ ഇല്ല. |
| കാസർഗോഡ് | 2023-24 ലെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. നിലവിൽ എച്ച്.എസ്.ടി ഇംഗ്ലീഷ് അദ്ധ്യാപകരുടെ 5 ഒഴിവുകൾ ഉണ്ട്. |